(ബി) ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ; ഇതിനകം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 56.50 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 19-3-2013-ലെ സ.ഉ. (സാധാ) നമ്പർ 381/2013/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തി സർക്കാരിന്റെ സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ദുർബല പ്രദേശത്തിലൂടെയും വനഭൂമിയിലൂടെയും പാത കടന്നുപോകുന്നതിനാൽ ഈ റോഡിന്റെ സാധ്യതാപഠനവും വനഭൂമിയുടെ ഏരിയൽ സർവ്വേയും നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉപരിതല ഗതാഗത വികസനത്തിന് കർമ്മ പദ്ധതികൾ

262 (1296) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം ബൈപ്പാസ് :

ദേശീയപാത 47-ലെ കഴക്കൂട്ടം മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരയുള്ള 43 കി.മീ. ദൈർഘ്യംവരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡോടുകൂടി നാലുവരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. ഭാഗത്തിന്റെ പണിക്കുള്ള ടെൻഡർ പൂർത്തിയാക്കി 669 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. മുക്കോല മുതൽ കാരോട്വരെയുള്ള ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു.

2. കൊല്ലം ബൈപ്പാസ് :

ദേശീയപാത 47-ലെ കാവനാട് മുതൽ മേവറം വരെയുള്ള 13 കി.മീ. ദൈർഘ്യം വരുന്ന കൊല്ലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 352 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

3. ആലപ്പുഴ ബൈപ്പാസ് :

ദേശീയപാത 47-ലെ കമ്മാട്ടി മുതൽ കളർകോടുവരെയുള്ള 6.80 കി.മീ. ദൈർഘ്യംവരുന്ന ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 348.43 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

4. കോഴിക്കോട് ബൈപ്പാസ് :

ദേശീയപാത 17-ലെ വെങ്ങളം മുതൽ പൂളാടിക്കുന്ന വരെയുള്ള 5.1 കി.മീ. ദൈർഘ്യംവരുന്ന കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. 152.75 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിയുടെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

5. തുപ്പുണിത്തുറ ബൈപ്പാസ് :

തുപ്പുണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. സ്ഥലമെടുപ്പിന്റെ ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഇതിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. തലശ്ശേരി-മാഹി ബൈപ്പാസ് :

ദേശീയപാത 17-ൽ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെ 18 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിന്റെ ആദ്യഘട്ടമായ 10.8 കി.മീ. ദൂരം 45 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ഭാഗത്ത് ബൈപ്പാസ് നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 390 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ച് വരികയാണ്.

സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ 'സ്പീഡ് കേരള' പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആകെ 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ 10 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ 5 പദ്ധതികളുടെ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വിശദാംശം ചുവടെ ചേർക്കുന്നു :

ഇടപ്പള്ളി ടൈറ്റ് ഓവർ	-	108 കോടി
കോഴിക്കോട് ബൈപ്പാസ്	-	141.02 "
പാലാരിവട്ടം ടൈറ്റ് ഓവർ	-	41.28 "
രാമപുരം - നാലമ്പലം ദർശനം റോഡ്	-	50.75 "
കണ്ണിക്കുഴി വെട്ടത്തുകവല കുറുകച്ചാൽ-മല്ലപ്പള്ളി റോഡ്	-	45.35 "

ലോകബാങ്ക് ധനസഹായത്തോടെ 2403 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെടുത്തി 363 കി.മീ. ദൂരംവരുന്ന 6 റോഡുകൾ വികസിപ്പിക്കുന്നതാണ്. 9 പാക്കേജുകളായാണ് ഇവയുടെ നിർമ്മാണം. ഇതിൽ 7 റോഡ് പാക്കേജുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, ചെങ്ങന്നൂർ-എറ്റുമാനൂർ, ചെങ്ങന്നൂർ-മൂവാറ്റുപുഴ, തിരുവല്ല ബൈപ്പാസ്, പൊൻകുന്നം-തൊടുപുഴ എന്നീ റോഡുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

പുനലൂർ-പൊൻകുന്നം റോഡ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പെരുമ്പിലാവ്- പെരിന്തൽമണ്ണ റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി തെഞ്ഞെടുക്കപ്പെട്ട 106.2 കി.മീ. റോഡുകളുടെ പുനഃരുദ്ധാരണത്തിനായി 279.31 കോടി രൂപയുടെ ഒരു പദ്ധതി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (RICK) എന്ന സ്ഥാപനം വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് RICK ഈ പദ്ധതി നടപ്പിലാക്കുന്നത്.

വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരമായി തിരുവനന്തപുരത്തും കോഴിക്കോടും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള റാപ്പിഡ് ട്രാൻസ്പോർട്ട് കമ്പനി ലിമിറ്റഡ് (KRTL) മുഖാന്തരം സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly